DESPATCHED
On. 22/06/2020
12.5.20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1623(*2)/2019*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.10275/*എസ്.ഐ.സി-ജി* *6/19*

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. ഈപ്പൻ മാത്യു
വരിക്കണ്ടത്തിൽ വീട്
നിരണം സെൻട്രൽ പി.ഒ
പിൻ–689621
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   കൃഷിഭവൻ
   നിരണം
2. അപ്പീൽ അധികാരി ആന്റ്
   അസിസ്റ്റന്റ് ഡയറക്ടർ
   കൃഷി വകുപ്പ്(തിരുവല്ല)
   വളഞ്ഞവട്ടം പി.ഒ
   പുളിക്കീഴ്

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 09.01.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.06.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 15.06.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03.02.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് പത്തനംതിട്ട |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി നൽകിയില്ലെന്നും അപ്പീൽ നൽകിയിട്ടും യാതോരു നടപടിയും സ്വീകരിച്ചില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 11.12.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 1-ാം വാർഡ് പാടശേഖരത്തിലെ രണ്ടാം കൃഷി ഇൻഷ്വറൻസുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിന് ഹർജിക്കാരൻ 10.11.2017 ൽ അപേക്ഷ നൽകുകയും മറുപടിയിൽ ആവശ്യപ്പെട്ട രേഖകൾ നൽകിയില്ലെന്നും, പലപ്രാവശ്യം രേഖകൾ ലഭിക്കാനായി കൃഷി ഓഫീസുമായി ബന്ധപ്പെട്ടുവെങ്കിലും നടപടികളൊന്നും ഉണ്ടായില്ലെന്നുമാണ്.
3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്ന് കാണിച്ച് 09.01.2019-ൽ ഹർജിക്കാരൻ അപ്പീൽ അപേക്ഷ നൽകുകയും, അപ്പീലധികാരി നടപടികൾ കൈക്കൊണ്ട് അപ്പീൽ തീർപ്പാക്കിയില്ലെന്നു കാണിച്ച് കമ്മീഷനിൽ 14.06.2019-ൽ രണ്ടാം അപ്പീൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ അപ്പീൽ അധികാരി 28.12.2019 നാണ് മറുപടി നൽകിയതെന്നും ഇത് വിവരാവകാശ നിയമം 19(6) ന്റെ ലംഘനവുമായതിനാൽ ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം അപ്പീലധികാരി വിശദീകണം സമർപ്പിക്കേണ്ടതാണ്.
4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ 11.12.2018 ന് നൽകിയ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകിയിട്ടില്ലെന്ന് കമ്മീഷൻ വീക്ഷിക്കുകയും, സമയബന്ധിതമായി മറുപടി നൽകാത്തത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമായതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ

എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർക ക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനു ണ്ടങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 മേയ് 12-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res

RIGHT TO INFORMATION